

# ആത്മീയതയുടെയും സാഹോദര്യത്തിന്റെയും പ്രവാചകന് പ്രണാമം

കഴിഞ്ഞ ഏതാനും മാസങ്ങൾ കേരളത്തിനു നഷ്ടങ്ങളുടേതായിരുന്നു. കേരളത്തിന്റെ ഉജ്ജ്വല നക്ഷത്രങ്ങളായിരുന്ന മാധവിക്കുട്ടി, ലോഹിതദാസ്, രാജൻ പി. ദേവ്, ഇപ്പോൾ ഏവർക്കും പ്രിയങ്കരനും സർവ്വജനസമ്മതനുമായിരുന്ന അഭിവന്ദ്യ പാണക്കാട് സെയ്യ്ദ് മുഹമ്മദാലി ശിഹാബ് തങ്ങളും.

കേരള രാഷ്ട്രീയത്തിൽ എന്നെ സ്വാധീനിച്ചിട്ടുള്ള നേതാക്കന്മാരിൽ ഒരാളായിരുന്നു പാണക്കാട് സെയ്യ്ദ് മുഹമ്മദാലി ശിഹാബ് തങ്ങൾ. കൊടപ്പനക്കൽ തറവാട്ടിൽ ആദ്യമായി ചെന്ന ദിവസം ഞാൻ ആ വ്യക്തിപ്രഭാവത്തെ അടുത്തറിയുകയായിരുന്നു. ആ ദിവസത്തെ എന്റെ അനുഭവം ഈ അവസരത്തിൽ അനുസ്മരിക്കുന്നു.

മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ, കുടിലുമുതൽ കൊട്ടാരം വരെയുള്ള ധാരാളം ആൾക്കാർ സ്വന്തം വ്യഥകളുടെയും കുടുംബപ്രശ്നങ്ങളുടെയും ചുമടിറക്കാൻ അവിടെയെത്തിയിരിക്കുന്നത് ഞാൻ കണ്ടു. പാണക്കാട് സെയ്യ്ദ് മുഹമ്മദാലി ശിഹാബ് തങ്ങളെന്ന മനുഷ്യസ്നേഹിയും ആർദ്രതയുടെ നിറകുടവുമായ ആ വലിയ മനുഷ്യൻ അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം നിർദ്ദേശിക്കും എന്ന വിശ്വാസത്തിലായിരുന്നു അവരെല്ലാവരും. അവർക്കേവർക്കും കൊടപ്പനക്കൽ തറവാട് ഒരു തുറന്ന കോടതിയായിരുന്നു; പാണക്കാട് സെയ്യ്ദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ഉപദേശം ദൈവവചനവും. എല്ലാവർക്കും മുന്നിൽ നിറഞ്ഞ പുഞ്ചിരിയും ദീപ്തമായ മുഖവുമായെത്തിയ തങ്ങൾ, ഓരോരുത്തരുടെയും പ്രശ്നങ്ങൾ ക്ഷമാപൂർവ്വം കേട്ട് അവരെ സാന്ത്വനിപ്പിച്ച് ചിലർക്ക് മടങ്ങിപ്പോകാനുള്ള വണ്ടിക്കൂലിയും കൊടുത്തയയ്ക്കുന്ന കാഴ്ച ഞാൻ അവിടെ കണ്ടു. മറ്റാരുടേയും വാക്കിനേക്കാൾ പ്രിയങ്കരമായിരുന്നു തങ്ങളുടെ വാക്കുകൾ. സൗമ്യമായ ഒരു ചിരിയിൽ, തലോടലിൽ എല്ലാ പ്രശ്നങ്ങളും ഉരുകിപ്പോയിരുന്നു. ആ ദൃശ്യങ്ങൾ എന്റെ മനസ്സിൽ മായാതെ മിഴിവോടെ ഇന്നും നിൽക്കുന്നു. അവിടെ നിന്നും മടങ്ങുമ്പോൾ ഒരു തീർത്ഥാടനസ്ഥലത്തു നിന്നും മടങ്ങുമ്പോഴുള്ള അവാച്യമായ ശാന്തി മനസ്സിൽ അനുഭവപ്പെട്ടു.

പാണക്കാട് കുടുംബം പ്രവാചക പരമ്പരയുടെ വിശിഷ്ടമായ ഒരു കണ്ണിയായാണ് കണക്കാക്കപ്പെടുന്നത്. മുസ്ലിം ലീഗിന്റെ സംസ്ഥാനഅദ്ധ്യക്ഷൻ, ഇസ്ലാം മതവിശ്വാസികളുടെ ആത്മീയാചാര്യൻ എന്നതിലുപരി, കേരളത്തിലെ നാനാജാതി മതസ്ഥരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റാൻ, മതസാഹോദര്യത്തിന്റെ വക്താവും പ്രയോക്താവുമായ ഈ വലിയ മനുഷ്യന് കഴിഞ്ഞിട്ടുണ്ട്. ഒരേ സമയം ആത്മീയതയും രാഷ്ട്രമീമാംസയും സമന്വയിപ്പിക്കാനും ജനങ്ങൾക്കൊപ്പം നിന്ന് അവരുടെ ഹൃദയവികാരങ്ങൾ തിരിച്ചറിയുവാനും കഴിഞ്ഞ നേതാവായിരുന്നു ശിഹാബ് തങ്ങൾ. ഈ മനുഷ്യസ്നേഹിയുടെ ദേഹവിയോഗം കേരളീയ ജനതയ്ക്കു മാത്രമല്ല, ഇന്ത്യയിലെ മതസാഹോദര്യത്തിനു തന്നെ കനത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

വിനയത്തിന്റെയും ലാളിത്യത്തിന്റെയും ആർദ്രതയുടെയും ആൾരൂപമായിരുന്ന അദ്ദേഹത്തിന്റെ കരങ്ങളാൽ ആരംഭിച്ച യത്തിംഖാനകളും മദ്രസകളും സ്കൂളുകളും കോളേജുകളും ഗ്രന്ഥശാലകളുമെല്ലാം കേരളീയ സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യരംഗത്ത് നൽകുന്ന സേവനങ്ങൾ അതീവ മഹനീയമാണ്. സ്വന്തം സമുദായത്തിന്റെ അവകാശങ്ങൾക്കായി നിലകൊണ്ടപ്പോഴും മറ്റൊരു സമുദായത്തെയും അദ്ദേഹം ഒരിക്കൽപോലും നോവിച്ചിട്ടില്ല. കോഴിക്കോട് മദ്രസത്തുൽ മുഹമ്മദീയ

> **ഒരേ സമയം ആത്മീയതയും രാഷ്ട്രമീമാംസയും സമന്വയിപ്പിക്കാനും ജനങ്ങൾക്കൊപ്പം നിന്ന് അവരുടെ ഹൃദയവികാരങ്ങൾ തിരിച്ചറിയുവാനും കഴിഞ്ഞ നേതാവായിരുന്നു ശിഹാബ് തങ്ങൾ.**



**കെ. മുരളീധരൻ**
*(ചെയർമാൻ, ആഗോളജീവകാരുണ്യകുടുംബം)*

യിലും, ഈജിപ്റ്റൻ കെയ്റോ സർവ്വകലാശാലയിലും മറ്റും പഠിച്ച് ലോകം മനസ്സിലാക്കിയ ഈ വലിയ മനുഷ്യന്റെ മഹത്വം, മനുഷ്യനെ മനസ്സിലാക്കാനുള്ള അസാധാരണമായ സിദ്ധിയായിരുന്നു. ശിഹാബ് തങ്ങൾ ഒരാളുടെ മുഖത്തേക്കു നോക്കിയാൽ ആ മനുഷ്യന്റെ മനസ്താപങ്ങൾ തങ്ങളുടെ കൺമുന്നിൽ തിലശ്ശീലയിലെന്നപോൽ തെളിയുമായിരുന്നത്രേ. കേരള രാഷ്ട്രീയത്തിലേക്കു നോക്കുമ്പോഴും ഈ സിദ്ധി അദ്ദേഹം കൈവരിച്ചിരുന്നു.

ആത്മീയ തലത്തിലും, സാമൂഹ്യരംഗത്തും, രാഷ്ട്രീയരംഗത്തും മൂല്യച്യുതി ഉണ്ടാകുമ്പോൾ അവയുടെ രക്ഷയ്ക്കായി പ്രവാചകന്മാരും പുണ്യാത്മാക്കളും ജന്മമെടുക്കുന്നതു പോലെ ശിഹാബ് തങ്ങളെപ്പോലുള്ള പുണ്യാത്മാക്കൾ ഇനിയും ജന്മമെടുക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

തന്റെ തറവാടിന്റെ തിരുമുറ്റത്തു വന്നുചേരുന്ന പാവങ്ങളുടെ കണ്ണുനീർ തുടച്ച ഈ കാരുണ്യശാലിയുടെ ദേഹവിയോഗത്തിൽ കുടുംബാംഗങ്ങൾക്കും സമുദായാംഗങ്ങൾക്കുമുള്ള ദുഃഖത്തിൽ പങ്കുചേരുന്നതിനോടൊപ്പം അവരുടെ ഹൃദയവ്യഥയ്ക്കു ശമനമേകുവാൻ സർവ്വശക്തനോട് പ്രാർത്ഥിക്കുന്നു.

ആത്മീയതയുടെയും സാഹോദര്യത്തിന്റെയും നന്മയുടെയും പ്രവാചകന് ആയിരമായിരം പ്രണാമങ്ങൾ